നം.10/18/SRG/LSGD/CC

തദ്ദേശസ്വയംഭരണ വകുപ്പ്
10.08.2018

# കുറിപ്പ്

വിഷയം :- ജനകീയാസൂത്രണം - 2018-19 വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച്

1. 02.06.2018-ലെ ഡി.എ1/493/2018/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭേദഗതികൾ അനുവദിച്ചിരുന്നു.
   - 1.1 02.05.2018-ലെ DA1/439/2018/തസ്വഭവ സർക്കുലർ പ്രകാരം കാറ്റഗറി - 2-ൽ വരുന്ന സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുള്ള ഭേദഗതി
   - 1.2 വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ അനുമതി നൽകാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്താൽ
   - 1.3 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, സർക്കാർ നിർദ്ദേശപ്രകാരം എടുക്കേണ്ട പ്രോജക്ടുകൾ (ഉദാ: കായിക വികസനം, സംരംഭകത്വ ക്ലബ് തുടങ്ങിയവ) ഉൾപ്പെടുത്താൻ
   - 1.4 ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് എന്നിവ പാലിക്കാതെയുമുള്ള പ്രോജക്ട് ഒഴിവാക്കുന്നതിന്
   - 1.5 കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ലഭിച്ച തുകയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തൽ, ആശ്രയ പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തൽ
   - 1.6 2018-19 -ലെ വാർഷികപദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും തലത്തിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്
   - 1.7 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/റ്റി.എസ്.പി പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ ( ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് എടുക്കാവുന്നതാണ്.

2 മുകളിൽ പറഞ്ഞവയ്ക്കൊപ്പം താഴെപ്പറയുന്നവ കൂടി ഉൾപ്പെടുത്തി 2018-19 പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തി വാർഷിക പദ്ധതി അന്തിമമാക്കേണ്ടതാണ്.

2.1 ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടില്ല. ഓരോ ഗ്രാമപഞ്ചായത്തിനും നൽകേണ്ട

തുക ലൈഫ് മിഷൻ നിശ്ചയിച്ച് നൽകും. ഇങ്ങനെ തുക നൽകുമ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് പ്രോജക്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്താവുന്നതാണ്.

2.2 ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

2.3 ധനവകുപ്പിന്റെ 25.07.2018-ലെ 6345/2018/ധന നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അങ്കണവാടി അദ്ധ്യാപകർക്കും സഹായികൾക്കും നൽകേണ്ട 6 മാസത്തെ അധിക തുക സാമൂഹ്യനീതി ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം. ഈ തുക കണ്ടെത്തുന്നതിനുള്ള ഭേദഗതിയും ഈ തുകയ്ക്കു വേണ്ട പ്രോജക്ടുകളും തയ്യാറാക്കൽ.

2.4 സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം ശുചിത്വ മിഷനിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കൽ.

2.5 ചില തദ്ദേശഭരണ സ്ഥാപനങ്ങൾ കാറ്റഗറി 1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ കാറ്റഗറി II ലേയ്ക്ക് മാറ്റാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം ഭേദഗതികളും ചെയ്യാവുന്നതാണ്.

2.6 സംയുക്ത പ്രോജക്ടുകളുടെ ബിൽ തയ്യാറാക്കി മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറുന്നതിന് ധന വകുപ്പ് 03.07.2018-ലെ 100/2018/ ഫിൻ നമ്പർ പ്രകാരം പുതിയ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. അലോട്ട്മെന്റ് രീതിയിലൂടെ യാണ് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറുന്നത്. ഇതിനായി സുലേഖ, സാംഖ്യ സോഫ്റ്റ് വെയറിൽ ഐ.കെ.എം. ക്രമീകരണം ചെയ്യുന്നുണ്ട്. ധനവകുപ്പിന്റെ ഉത്തരവ് നടപ്പാക്കുന്നതിന് ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന സംയുക്ത പ്രോജക്ടുകളുടെ ഘടനയിൽ ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇത്തരം ഭേദഗതികൾ ചെയ്യാവുന്നതാണ്.

2.7 2016-17 വർഷം മികച്ച പ്രാദേശിക സർക്കാരുകൾക്ക് സ്പെഷ്യൽ ഇൻസെന്റീവായി അനുവദിച്ച അവാർഡ് തുക നേരത്തേ അനുവദിച്ചു കിട്ടാത്ത 12 ഗ്രാമപഞ്ചായത്തുകൾക്കും 4 ബ്ലോക്ക് പഞ്ചായത്തുകൾക്കും ധനവകുപ്പ് 24.07.2018-ലെ 6281/18/ധന.നമ്പർ ഉത്തരവ് പ്രകാരം അധിക തുക അനുവദിച്ചിട്ടുണ്ട്. ആകെ 1,80,00,000/- രൂപ . ഗ്രാമപഞ്ചായത്തുകൾക്ക് 1.00 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 80,00,000/- രൂപയും. ഈ തുക പ്ലാൻ ഫണ്ടിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ആണ് അനുവദിച്ചിരിക്കുന്നത്. അവാർഡ് എന്ന നിലയിൽ പ്രത്യേക പ്രോത്സാഹനമായി നൽകിയ തുക എന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ തുക 'പ്രത്യേക ഗ്രാന്റ്' എന്ന ഗണത്തിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കാവുന്നതാണ്. ഇവയെ മേഖലാ വിഭജനമടക്കമുള്ള മറ്റു നിബന്ധനകളിൽ നിന്ന് ഒഴിവാക്കി പ്രോജക്ട് ഉൾപ്പടുത്തണം.

3 ഏതെങ്കിലും പ്രോജക്ടുകൾ ഒഴിവാക്കുകയാണെങ്കിൽ ഇങ്ങനെ ലഭിക്കുന്ന തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കോ മുകളിൽ ഖണ്ഡിക 1.3 -ൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനോ ഉപയോഗിക്കേണ്ടതാണ്. തുക മിച്ചം ഉണ്ട് എങ്കിൽ മാത്രമേ പുതിയ പ്രോജക്ടുകൾക്ക് ഉപയോഗിക്കാവൂ. വാർഷിക പദ്ധതി ഭേദഗതി ചെയ്യുമ്പോൾ മേഖലാ വിഭജനമടക്കമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം. ഭേദഗതി/പുതിയ പ്രോജക്ടുകൾ വെറ്റിംഗ്/സാങ്കേതികാനുമതിയ്ക്കു ശേഷമാണ് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടത്.

4. ഇത്തരം ഭേദഗതികൾ ചെയ്യുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇപ്പോൾതന്നെ നടത്തേണ്ടതാണ്. 01.09.2018 മുതൽ 15.09.2018വരെ ഇതിനായി സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യം ഒരുക്കുന്നതാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തി വെറ്റിംഗും സാങ്കേതികാനുമതിയും വാങ്ങി 15.09.2018-നകം ജില്ലാ ആസൂത്രണസമിതിക്ക് അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ജില്ലാ ആസൂത്രണസമിതി അംഗീകാരം ഇല്ലാതെ ഭേദഗതി പ്രോജക്ടുകളുടെ ബില്ലുകൾ മാറാൻ കഴിയില്ല എന്നതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

5. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ഭേദഗതിക്ക് ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് അനുമതി വാങ്ങിയിരുന്നുവെങ്കിലും നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.2018-ലെ തീരുമാനപ്രകാരം (ഖണ്ഡിക 3.2) ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.ആർ.ജി. മുഖേന ഐ.കെ.എം.നെ അറിയിക്കുന്ന മുറയ്ക്ക് അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രം ജില്ലാ ആസൂത്രണ സമിതിക്ക് ഭേദഗതി പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യുന്നതാണ്.

(ഒപ്പ്)
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്